**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**

**കീം - 2026**

**ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് -2026 ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിച്ചു.**

2026—ലെ ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു.

**താത്ക്കാലിക അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു**

| | |
|---|---|
| 10.08.2026 | ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യം ആരംഭിക്കുന്നു |
| 12.08.2026, 11.59 PM | ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| 13.08.2026 | താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 14.08.2026 | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 17.08.2026 to 19.08.2026, 4.00 PM | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് ഓൺലൈനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കുകയും അല്ലോട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടുന്നതിനുമുള്ള സമയം |

മൂന്നാംഘട്ടത്തിൽ പുതിയതായി ഓൺലൈൻ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ആർക്കിടെക്ചർ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **10.08.2026 മുതൽ 12.08.2026, രാത്രി 11.59 മണി വരെ** ഓപ്ഷനുകൾ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

ആർക്കിടെക്ചർ കോഴ്സിലേക്കു ഈ ഘട്ടത്തിൽ പരിഗണിക്കുന്നതിനായി മുൻ ഘട്ടങ്ങളിൽ

അലോട്ട്മെന്റോ പ്രവേശനമോ ലഭിച്ചവർക്കും അലോട്ട്മെന്റ് ലഭിക്കാത്തവർക്കും ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നിർബന്ധമാണ്. എന്നാൽ, മുൻ ഘട്ടങ്ങളിൽ അലോട്ട്മെന്റ്/പ്രവേശനം ലഭിക്കുകയും എന്നാൽ ഈ ഘട്ടത്തിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാതിരിക്കുകയും ചെയ്യുന്നവരുടെ മുൻ ഘട്ടത്തിലെ അലോട്ട്മെന്റ് വഴിയുള്ള പ്രവേശനം നിലനിൽക്കുന്നതാണ്. ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചിട്ടും നിശ്ചിത തീയതിക്കുള്ളിൽ കോളേജിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികൾക്ക്, ആ ഘട്ടത്തിലെ അലോട്ട്മെന്റും നിലവിലെ അലോട്ട്മെന്റും നഷ്ടമാകുന്നതാണ്.

**<u>ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ്</u>**

ആർക്കിടെക്ച്ചർ പ്രവേശനത്തിനായി ഈ ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നവരും, മുൻഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭിച്ചിട്ടും പ്രവേശനം നേടാതിരുന്നവരുമായ വിദ്യാർത്ഥികൾ **2,000/-രൂപ** (രണ്ടായിരം രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി ഒടുക്കേണ്ടതാണ്. വിദ്യാർത്ഥിക്ക് അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടുന്ന കോഴ്സിന്റെ ട്യൂഷൻ ഫീസിൽ ഈ തുക വകയിരുത്തുന്നതാണ്. എസ്.സി./എസ്.ടി/ഒ.ഇ.സി.ക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അർഹരായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ G.O.(Ms.)No.25/2005/SCSTDD dated 20.06.2005, G.O.(Ms.)No.10/2014/BCDD dated 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ശ്രീചിത്രാഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ അപേക്ഷകരും ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി **500/- രൂപ** (അഞ്ഞൂറ് രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. ഇവർക്ക് പ്രവേശനം ലഭിക്കുന്ന കോഴ്സിന്റെ Caution Deposit-ൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതാണ്. അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്. റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തുക തിരികെ നൽകുന്നതിനായി കൃത്യമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വെബ്സൈറ്റ് വഴി നൽകേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ചതിന് ശേഷം നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് പിഴയായി കണക്കാക്കുകയും അത് തിരികെ നൽകാതിരിക്കുകയും ചെയ്യും. **ഓൺലൈൻ പേയ്മെന്റ് മുഖേനെ രജിസ്ട്രേഷൻ ഫീസ് അടയ്ക്കാവുന്നതാണ്.**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം മുഖേനെ ഈ വർഷം ഗവൺമെന്റ്, സ്വകാര്യ സ്വാശ്രയ ആർക്കിടെക്ച്ചർ കോളേജുകളിലേക്ക് നടത്തുന്ന ആർക്കിടെക്ച്ചർ കോഴ്സിന്റെ അവസാന ഘട്ട അലോട്ട്മെന്റാണിത് . ഈ അലോട്ട്മെന്റിന് ശേഷവും ഗവൺമെന്റ്, സ്വകാര്യ സ്വാശ്രയ ആർക്കിടെക്ച്ചർ കോളേജുകളിൽ ഒഴിവ് വരുന്ന സീറ്റുകൾ KEAM 2026 പ്രൊസ്പെക്ടസിലെയും ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഗവൺമെന്റ് ഉത്തരവുകളിലെയും നിബന്ധനകളും നിയമങ്ങളും വ്യവസ്ഥകളും പാലിച്ചുകൊണ്ട് അതത് കോളേജ് നികത്തുന്നതായിരിക്കും.

***<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>***

*ആർക്കിടെക്ച്ചർ കോഴ്സിലേയ്ക്ക് പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്തവരെ ഈ ഘട്ടത്തിലെ അലോട്ട്മെന്റിന് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.*

**ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487**

Digitally signed by
R Manoj
Date: 10-08-2026
15:44:13

തിരുവനന്തപുരം
10-08-2026

ജോയിന്റ് കമ്മീഷണർ (അക്കാദമിക് )
**പ്രവേശന പരീക്ഷാ കമ്മീഷണർ**